# മധുരക്കിഴങ്ങിലെ നഴ്സറി രീതികൾ

ഡോ. എസ്. സുനിത, ഡോ. ജെ. സുരേഷ് കുമാർ

**മധുരക്കിഴങ്ങ്,** ഒരു ഹ്രസ്വകാലവിളയായി കൃഷി ചെയ്യുന്ന കിഴങ്ങുവിളയാണ്. വള്ളിനട്ടും കിഴങ്ങുമുഖേനയുമാണ് പ്രജനനം ചെയ്തുവരുന്നത്. സാധാരണയായി വള്ളികളാണ് നടാൻ ഉപയോഗിക്കുന്നത്. വള്ളികൾ ലഭിക്കുന്നതിനായി കിഴങ്ങുകളോ വിളവെടുത്തശേഷമുള്ള പുതിയ വള്ളികളോ നഴ്സറിയിൽ നടുകയാണ് പതിവ്. ഇതിനായി രണ്ടുഘട്ടങ്ങളിലായി നഴ്സറി തയ്യാറാക്കി, ഒരു ഹെക്ടറിലേക്ക് ആവശ്യമുള്ള വള്ളികൾ ഉല്പാദിപ്പിക്കാൻ കഴിയും.

## പ്രാഥമിക നഴ്സറി

ഏകദേശം 100 ചതുരശ്ര മീറ്ററിൽ നഴ്സറി തയ്യാറാക്കുന്നതിനായി, 100 കി.ഗ്രാം കീടബാധയേൽക്കാത്ത നല്ല കിഴങ്ങുകൾ (125 -150 ഗ്രാം വലുപ്പത്തിൽ) തിരഞ്ഞെടുക്കണം. 60 സെ.മീറ്റർ അകലത്തിൽ നീണ്ടകൂനകളെടുത്ത് കിഴങ്ങുകൾ 20 സെ.മീറ്റർ അകലത്തിൽ തിരശ്ചീനമായി നട്ടശേഷം കുറച്ചു മണ്ണ് കൊണ്ട് മൂടണം. ആദ്യ 10 ദിവസങ്ങളിൽ ഒന്നിടവിട്ട ദിവസങ്ങളിലും അതിനുശേഷം 3 ദിവസം ഇടവിട്ടും ജലസേചനം ആവശ്യമാണ്. ഒരാഴ്ചക്കുള്ളിൽ കിഴങ്ങുകൾ മുളയ്ക്കാൻ തുടങ്ങും. 15 ദിവസം കഴിഞ്ഞ് 1.5 കി.ഗ്രാം യൂറിയ ഒരു ചതുരശ്ര മീറ്ററിന് എന്ന അളവിൽ മണ്ണിൽ ചേർക്കുന്നത് വള്ളികളുടെ പെട്ടെന്നുള്ള വളർച്ചയെ സഹായിക്കും . 45 ദിവസം കഴിയുമ്പോൾ ഇതിൽ നിന്നും 20-30 സെ.മീറ്റർ നീളത്തിൽ വള്ളികൾ മുറിച്ച് ദ്വിതീയ നഴ്സറിയിലേക്ക് മാറ്റി നടണം.

## ദ്വിതീയ നഴ്സറി

ഒരു ഹെക്ടറിൽ നടാൻ ആവശ്യമായ വള്ളികൾ ഉല്പാദിപ്പിക്കുന്നതിനായി പ്രാഥമിക നഴ്സറിയിൽ നിന്നുള്ള വള്ളികൾ 500 ചതുരശ്ര മീറ്റർ വിസ്തീർണത്തിലുള്ള ദ്വിതീയ നഴ്സറിയിലേക്കു മാറ്റിനടണം. ഇതിന് ഒരു ചതുരശ്ര മീറ്ററിന് ഒരു കി.ഗ്രാം എന്ന അളവിൽ കാലിവളം 60 സെ.മീറ്റർ അകലത്തിൽ നീണ്ടകൂനകളെടുക്കുമ്പോൾ തന്നെ ഇടണം. ഈ കൂനകളിൽ 20 സെ.മീറ്റർ അകലത്തിൽ പ്രാഥമിക നഴ്സറിയിൽ നിന്നോ പുതുതായി വിളവെടുപ്പ് കഴിഞ്ഞ വിളയിൽ നിന്നോ വള്ളികൾ മുറിച്ചുനടാം. മുറിച്ചവള്ളികഷണങ്ങൾ 0.02% ക്ലോർപൈറിഫോസ് (20EC) ലായനിയിൽ 10 മിനിറ്റുനേരം മുക്കിവയ്ക്കുന്നത് വണ്ടുകളെ പ്രതിരോധിക്കാൻ സഹായകമാണ്. 5 കി.ഗ്രാം യൂറിയ രണ്ടു തവണകളായി 15, 30 ദിവസങ്ങൾ കഴിഞ്ഞ് കൊടുക്കുന്നത് വള്ളികളുടെ വളർച്ചയെ പുഷ്ടിപ്പെടുത്താൻ സഹായിക്കും. ആദ്യത്തെ ഒരാഴ്ച ദിവസേനയും പിന്നത്തെ ഒരാഴ്ച ഒന്നിടവിട്ട ദിവസങ്ങളിലും അതിനുശേഷം മൂന്ന് ദിവസത്തിൽ ഒരിക്കലും ജലസേചനം ആവശ്യമാണ്. ഏകദേശം 40-45 ദിവസം കഴിയുമ്പോൾ വള്ളികൾ മുറിച്ചു നടാൻ പാകമാകും. മുകൾ ഭാഗത്തും മധ്യഭാഗത്തുമുള്ള വള്ളിഭാഗം ഇലകളോടുകൂടി 20 - 30 സെ .മീറ്റർ നീളത്തിൽ മുറിച്ച് തണലത്ത് കെട്ടുകളായി സൂക്ഷിച്ച ശേഷം പ്രധാന കൃഷിസ്ഥലത്തേക്ക് നടാവുന്നതാണ് .



## പ്രോട്ടോക്കോൾ



നഴ്സറിയിൽ തയ്യാറാക്കിയ വലിയ കൂനകൾ



കൂനകളിലെ കിഴങ്ങു നടീൽ



കിഴങ്ങുകളെ മണ്ണുകൊണ്ട് മൂടുന്നു



പ്രാഥമിക നഴ്സറിയിലെ വള്ളികളുടെ വളർച്ച



കീടനാശിനിയിൽ വള്ളികൾ മുക്കുന്നു



കൂനകളിൽ നട്ട വള്ളികൾ



ദ്വിതീയ നഴ്സറിയിലെ വള്ളികളുടെ വളർച്ച





നടാൻ തയ്യാറായ വള്ളികൾ

## ഗുണങ്ങൾ

- കുറഞ്ഞ ചെലവ്
- ദ്രുതഗതിയിലുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം
- ഒരുപോലെ വളർച്ചയും ആരോഗ്യവുമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം


വിള ഉൽപാദന സാങ്കേതിക ലഘുലേഖ

സെപ്റ്റംബർ 2021

പ്രസിദ്ധീകരിച്ചത്

ഡോ. എം. എൻ. ഷീല,
ഡയറക്ടർ



ഐ. സി. എ. ആർ. - കേന്ദ്ര കിഴങ്ങു വിള ഗവേഷണ സ്ഥാപനം
ശ്രീകാര്യം, തിരുവനന്തപുരം 695 017, കേരളം, ഇന്ത്യ

**ICAR-Central Tuber Crops Research Institute**
**Indian Council of Agricultural Research**
**Sreekariyam P.O., Thiruvananthapuram 695017, Kerala**

ടെലിഫോൺ 0471-2598551 - 2598554; ഫാക്സ് : 0471-2590063
ഇ-മെയിൽ: director.ctcri@icar.gov.in; വെബ്സൈറ്റ്:http://www.ctcri.org